# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2273 – 12/02/2020 - ലെ മറുപടിക്ക്

## പ്രളയാനന്തര പുനർ നിർമ്മാണത്തിന് ലോകബാങ്ക് സഹായം

ചോദ്യം

ശ്രീ. എ.പി. അനിൽ കുമാർ
ശ്രീ. അനിൽ അക്കര
ശ്രീ. വി.ടി.ബൽറാം
ശ്രീ. വി.പി.സജീന്ദ്രൻ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | പ്രളയാനന്തര പുനർ നിർമ്മാണത്തിന് ലോകബാങ്ക് സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ; ഇതിനകം ലഭിച്ച തുക ഏതൊക്കെ മേഖലകളിലെ പുനർ നിർമ്മാണത്തിനാണ് വിനിയോഗിച്ചത്; വിശദാംശം നൽകുമോ; | കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.85 കോടി രൂപ) ലഭ്യമായിട്ടുണ്ട്. സംയോജിത ജലവിഭവ പരിപാലനവും ജലവിതരണവും, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മൽസ്യമേഖല, ജീവനോപാധികൾ, ഭൂമി എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖല ശക്തിപ്പെടുത്തൽ എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള പുനർനിർമാണ പദ്ധതികൾക്കാണ് തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളിലായി 1865 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | പുനർ നിർമ്മാണത്തിനുള്ള രണ്ടാം ഗഡു വായ്പ ലോകബാങ്കിൽ നിന്നും | വികസന നയവായ്പയുടെ രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള മുന്നൊരുക്ക |

| | | |
|---|---|---|
| | എന്നത്തേക്ക് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2020 ഏപ്രിൽ മാസത്തോടെ മുന്നൊരുക്ക പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാകുന്ന പക്ഷം 2020 ജൂൺ-ജൂലൈ മാസത്തോടു കൂടി രണ്ടാം ഗഡു വികസന നയവായ്പ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ പൊതു ധനകാര്യ രംഗം പരിഷ്കരിക്കുന്നത് സംബന്ധിച്ച് ലോകബാങ്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | വികസന നയവായ്പയുടെ രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി ലോകബാങ്ക് പ്രതിനിധികളും ധനവകുപ്പ് ഉദ്യോഗസ്ഥരും തമ്മിൽ ചർച്ച നടത്തിയിട്ടുണ്ട്. |
| (ഡി) | പുനർനിർമ്മാണ പദ്ധതി കാലയളവിൽ സംസ്ഥാനത്തെ സാമ്പത്തിക രംഗത്തെക്കുറിച്ച് തുടരെ പഠിക്കുന്നതിനും ധനവകുപ്പുമായി ചേർന്ന് പ്രത്യേക സംഘം പ്രവർത്തിക്കുന്നതിനും ലോക ബാങ്ക് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**